## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 712** | **29/10/2019-ൽ മറുപടിയ്ക്ക്**

# കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീമതി. പി. അയിഷാ പോറ്റി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന് ആവശ്യമായ എല്ലാ അനുമതി പത്രങ്ങളും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) യും (ബി) യും | മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസുകളിൽ ബഹു. കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. |
| (ബി) | കേരള ബാങ്ക് രൂപീകരണത്തിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | കേരള ബാങ്കിന്റെ രൂപീകരണത്തോടെ, സംസ്ഥാനത്തിനും ബാങ്കിൻെറ ഉപഭോക്താക്കൾക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | കേരളീയരുടെ നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്നതിന് കേരള ബാങ്ക് നിമിത്തമാകും. ആധുനിക ബാങ്കിംഗ് സേവനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുക, പ്രാഥമിക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുക, കേരളത്തിലെ ജനങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുക, കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഒരു ചാലക ശക്തിയായി മാറുക എന്നിവ കേരള ബാങ്കിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്. ഒരു തട്ട് ഇല്ലാതാകുന്നത് വഴി കർഷകർക്ക് നൽകുന്ന വായ്പാപലിശ ഗണ്യമായി കുറയ്ക്കുവാനും കാലതാമസം കുറച്ച് റീഫൈനാൻസ് കാർഷിക വായ്പ നൽകുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ